# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 960 03/12/2014-ൽ മറുപടിക്ക്

## കർഷകത്തൊഴിലാളിക്ഷേമ നിധിയിൽ നിന്നുള്ള വിവാഹ ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി) | |
| (എ) | കർഷകത്തൊഴിലാളിക്ഷേമ നിധിയിൽ അംഗങ്ങളായവരുടെ പെൺമക്കളുടെ വിവാഹ ധനസഹായമായി എത്ര രൂപ വീതമാണ് ക്ഷേമനിധി ബോർഡിൽ നിന്നും നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 2000/- രൂപ വീതം |
| (ബി) | കർഷകത്തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഏതു വർഷം വരെ വിതരണം ചെയ്തിട്ടുണ്ടെന്നും എത്ര അപേക്ഷകളിൽ ധനസഹായം വിതരണം ചെയ്യുവാൻ ബാക്കിയുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കുമോ; | (ബി) | 2010 മാർച്ച് മാസം വരെ സമർപ്പിക്കപ്പെട്ട അപേക്ഷകളിന്മേലാണ് ഇപ്പോൾ ആനുകൂല്യം നൽകി വരുന്നത്. 56441 അപേക്ഷകളിൽ ധനസഹായം വിതരണം ചെയ്യുവാൻ ശേഷിക്കുന്നുണ്ട്. |
| (സി) | വിവാഹ ധനസഹായമായി നൽകുന്ന തുക വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ